

## കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ സമരം നടത്തും: ഹസൻ

തിരുവനന്തപുരം: രൂക്ഷമായ വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ പ്രക്ഷോഭം തുടങ്ങാൻ കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതിയോഗം തീരുമാനിച്ചതായി പ്രസിഡന്റ് എം. എം. ഹസൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഈ ജനദ്രോഹ നയത്തിനെതിരെ 26ന് സെക്രട്ടേറിയറ്റിനും ഏജീസ് ഓഫീസിനും മുമ്പിൽ കോൺഗ്രസ് ധർണ സംഘടിപ്പിക്കും. മദ്യശാലകളുടെ ദൂരപരിധി കുറച്ചതിലും കോവളം കൊട്ടാരം കൈമാറ്റം ചെയ്ത തീരുമാനത്തിലും പ്രതിഷേധിച്ച് കോൺഗ്രസ് നടത്തുന്ന സമരം തുടരും. 'ഗാന്ധിജിയിലേക്ക് മടങ്ങൂ ' എന്ന മുദ്രാവാക്യമുയർത്തി ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാന വ്യാപകമായി രാവിലെ 10 മുതൽ വൈകിട്ട് 4 വരെ ഉപവാസ സമരം സംഘടിപ്പിക്കുമെന്ന് ഹസൻ പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

### പൾസറിന്റെ റിമാൻഡ് നീട്ടി

അങ്കമാലി: നടിയെ ആക്രമിച്ച കേസിൽ മുഖ്യപ്രതി പൾസർ സുനിയുടെയും കൂട്ടു പ്രതികളുടെയും റിമാൻഡ് അങ്കമാലി മജിസ്ട്രേട്ട് കോടതി ഈ മാസം 27 വരെ നീട്ടി . നാദിർഷയിൽ നിന്ന് പണം വാങ്ങിയോ എന്ന മാദ്ധ്യമപ്രവർത്തകരുടെ ചോദ്യത്തിന് സുനി കൃത്യമായ മറുപടി നൽകിയില്ല. പൊലീസ് എന്താണ് പറഞ്ഞത് എന്ന് സുനി തിരിച്ചു ചോദിച്ചു.

### രാഹുലിനെ അധിക്ഷേപിച്ച് രക്ഷപ്പെടാൻ ശ്രമം: ചെന്നിത്തല

തിരുവനന്തപുരം: അമേരിക്കയിലെ കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധി നടത്തിയ പ്രസംഗത്തെ പ്രതിരോധിക്കാൻ കഴിയാതെ വ്യക്തിപരമായി അധിക്ഷേപിച്ച് രക്ഷപ്പെടാനാണ് ബി. ജെ. പി ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. രാഹുൽ ഗാന്ധിയെ പ്രതിരോധിക്കാൻ ബി.ജെ.പിക്ക് കേന്ദ്ര മന്ത്രിമാരുടെ വലിയ പടയെത്തന്നെ രംഗത്തിറക്കേണ്ടി വന്നത് അപഹാസ്യമാണ്. വ്യക്തിപരമായ അധിക്ഷേപമല്ലാതെ രാഹുൽ ഗാന്ധി ഉയർത്തിയ ചോദ്യങ്ങൾക്കൊന്നും ബി.ജെ.പിക്ക് ഉത്തരം പറയാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നും ചെന്നിത്തല പറഞ്ഞു.

### ലീഗ് സ്ഥാനാർത്ഥിയെ തീരുമാനിക്കാൻ പത്ത് മിനിട്ട് മതി: കെ.പി.എ. മജീദ്

കണ്ണൂർ: വേങ്ങര ഉപതിരഞ്ഞെടുപ്പിന് മുസ്ലിംലീഗ് സ്ഥാനാർത്ഥിയെ തീരുമാനിക്കാൻ പത്ത് മിനിട്ടേ വേണ്ടൂ എന്ന് പാർട്ടി ജനറൽ സെക്രട്ടറി കെ.പി.എ. മജീദ് പറഞ്ഞു. പാർട്ടിയുടെ പാർലമെന്റ് കമ്മിറ്റി യോഗം 18ന് ചേരും. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ 19ന് സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

സ്ഥാനാർത്ഥി താങ്കളായിരിക്കുമോയെന്ന ചോദിച്ചപ്പോൾ ലീഗ് സ്ഥാനാർത്ഥിയെ പാർട്ടി നിശ്ചയിക്കും, തങ്ങൾ അത് പ്രഖ്യാപിക്കുമെന്ന പ്രതികരണമായിരുന്നു മജീദിന്റേത്. ആ സ്ഥാനാർത്ഥി ആരായാലും വേങ്ങരയിൽ മത്സരിച്ച് ജയിക്കും.

കോൺഗ്രസുമായുള്ള പ്രശ്നങ്ങൾ മൂന്നു പഞ്ചായത്തുകളിൽ ബാധിക്കില്ലേയെന്ന ചോദ്യത്തിന് പ്രാദേശികപ്രശ്നങ്ങൾ പൊതുതിരഞ്ഞെടുപ്പിനെ ബാധിക്കാറില്ലെന്നായിരുന്നു മറുപടി. കെ.പി.സി.സി പ്രസിഡന്റിനെ നിശ്ചയിക്കേണ്ടത് കോൺഗ്രസാണ്. ഹൈക്കമാൻഡിനും കോൺഗ്രസ് സംസ്ഥാന നേതൃത്വത്തിനും അതിനുള്ള കഴിവുണ്ട്. പ്രതിപക്ഷ നേതാവ് ആരാകണമെന്ന് തീരുമാനിക്കേണ്ടതും കോൺഗ്രസാണെന്നും അതിലും ലീഗിന് പ്രത്യേകിച്ച് അഭിപ്രായമില്ലെന്നും അദ്ദേഹം പറഞ്ഞു.

### 18 പുതിയ ഡിസ്പെൻസറികൾ തുടങ്ങും

തിരുവനന്തപുരം: സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 18 പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചു.

ഒരു ഡോക്ടറും അനുബന്ധ സൗകര്യങ്ങളുമുള്ള ഡിസ്പെൻസറികളാണ് തുറക്കുക. ആദ്യ വർഷം ഇ.എസ്.ഐ കോർപറേഷനായിരിക്കും ഇവയുടെ പ്രവർത്തനച്ചെലവ് വഹിക്കുക. പുതിയ ഡിസ്പെൻസറികൾക്കായി 162 തസ്തികകൾ സൃഷ്ടിക്കും.

വെഞ്ഞാറമൂട് (തിരുവനന്തപുരം), റാന്നി (പത്തനംതിട്ട), കുളത്തുപ്പുഴ (കൊല്ലം), കണ്ണൻദേവൻ ഹിൽസ്, പീരുമേട്, മന്നാംകണ്ടം, കട്ടപ്പന, കുമളി (ഇടുക്കി), കൂത്താട്ടുകുളം (എറണാകുളം), ആലത്തൂർ, മണ്ണാർക്കാട്, കൂറ്റനാട് (പാലക്കാട്), കൊണ്ടോട്ടി (മലപ്പുറം), മുക്കം, ബാലുശ്ശേരി, താമരശ്ശേരി (കോഴിക്കോട്), മാനന്തവാടി, സുൽത്താൻബത്തേരി (വയനാട്) എന്നിവിടങ്ങളിലാണ് പുതിയ ഡിസ്പെൻസറികൾ.

### ബാർ കോഴക്കേസിലെ തുടരന്വേഷണം: സർക്കാർ സ്റ്റേറ്റ്മെന്റ് നൽകണം

കൊച്ചി : ബാർ കോഴക്കേസിലെ തുടരന്വേഷണത്തിനെതിരെ മുൻമന്ത്രി കെ. എം. മാണി നൽകിയ ഹർജിയിൽ സർക്കാരിനോടു സ്റ്റേറ്റ്മെന്റ് നൽകാൻ ഹൈക്കോടതി നിർദേശിച്ചു. ഹർജി ഒക്ടോബർ നാലിന് വീണ്ടും പരിഗണിക്കും.
കെ. എം. മാണി ധനമന്ത്രിയായിരിക്കെ ബാർ ലൈസൻസ് പുതുക്കാൻ കോഴ വാങ്ങിയെന്ന ആരോപണത്തെത്തുടർന്ന് വിജിലൻസ് രണ്ടു തവണ അന്വേഷണം നടത്തിയെങ്കിലും കാര്യമായ തെളിവ് ലഭിച്ചില്ലെന്നും വീണ്ടും അന്വേഷണം നടത്തുകയാണെന്നും ചൂണ്ടിക്കാട്ടിയാണ് കെ.എം. മാണി ഹൈക്കോടതിയെ സമീപിച്ചത്.

# പ്രീമിയം പെട്രോൾ അടിച്ചേല്പിച്ച് എണ്ണക്കമ്പനികളുടെ കൊള്ള



KAUMUDI SPECIAL

▶എം.എസ്. സജീവൻ

കൊച്ചി: ഇന്ധനവില ദിനംപ്രതി വർദ്ധിപ്പിക്കുന്നതിന് പിന്നാലെ വിലക്കൂടുതലുള്ള പ്രീമിയം പെട്രോൾ പമ്പുടമകളെയും ഉപഭോക്താക്കളെയും അടിച്ചേല്പിക്കാൻ പെട്രോളിയം കമ്പനികളുടെ നീക്കം.

പ്രീമിയം പെട്രോൾ നിർബന്ധമായും വിറ്റഴിക്കണമെന്ന് പമ്പുടമകൾക്ക് പൊതുമേഖലാ എണ്ണക്കമ്പനികൾ കർശന നിർദ്ദേശം നൽകി. വില കൂടിയ പ്രീമിയം പെട്രോൾ അടിക്കുന്നതിന്റെ പേരിൽ ഉപഭോക്താക്കളും ജീവനക്കാരും തമ്മിൽ പമ്പുകളിൽ തർക്കങ്ങളും പതിവായി.

സാധാരണ പെട്രോളിനെക്കാൾ 3.75 രൂപ കൂടുതലാണ് പ്രീമിയം പെട്രോളിന്. ഇന്ത്യൻ ഓയിൽ, ഹിന്ദുസ്ഥാൻ പെട്രോളിയം, ഭാരത് പെട്രോളിയം എന്നീ പൊതുമേഖലാ എണ്ണക്കമ്പനികൾ പ്രീമിയം പെട്രോൾ വിതരണം ചെയ്യുന്നുണ്ട്. പെട്രോൾ വില ദിവസവും വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രീമിയം പെട്രോൾ വാങ്ങാൻ ഉപഭോക്താക്കളും മടിക്കുകയാണ്.



**പ്രീമിയം പെട്രോൾ**
■ സാധാരണ പെട്രോളിനെക്കാൾ വിലക്കൂടുതൽ
■ 10 ശതമാനം മൈലേജ് കൂടുതലെന്ന് കമ്പനികൾ

**രേഖയിലല്ല, നിർദ്ദേശം വാക്കാൽ**

പ്രീമിയം പെട്രോൾ കൂടുതൽ ഏറ്റെടുക്കണമെന്ന് രേഖാമൂലം കമ്പനികൾ ആവശ്യപ്പെടുന്നില്ല. ചില ഉന്നത ഉദ്യോഗസ്ഥർ പമ്പുടമകളെ നേരിട്ട് വിളിച്ചാണ് നിർബന്ധിക്കുന്നത്. ഉദ്യോഗസ്ഥരുടെ സ്വകാര്യ വാട്ട്സ് ആപ്പ് വഴി സന്ദേശവും നൽകുന്നുണ്ട്. പ്രീമിയം ഉത്പന്നങ്ങളുടെ വില്പന വർദ്ധിപ്പിച്ച് സ്ഥാനക്കയറ്റങ്ങൾ ഉൾപ്പെടെ കമ്പനികളിൽ നേടാനായും ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായി പമ്പുടമകൾ ആരോപിക്കുന്നു.

“ പ്രീമിയം പെട്രോൾ അടിച്ചേല്പിക്കാൻ എണ്ണക്കമ്പനികളിലെ ഉന്നത ഉദ്യോഗസ്ഥർ നിർബന്ധിക്കുകയാണ്. 10 മുതൽ 20 ലിറ്റർ വരെയാണ് ഒരു ദിവസം സാധാരണ പമ്പുകളിലെ വില്പന. ഇത്തരം പമ്പുകൾ നാലായിരം ലിറ്റർ വീതം എടുക്കണമെന്ന് നിർബന്ധിക്കുകയാണ്. എങ്കിലേ സാധാരണ പെട്രോൾ നൽകൂവെന്നാണ് ഉദ്യോഗസ്ഥരുടെ നിലപാട്.”

*എം. രാധാകൃഷ്ണൻ, സെക്രട്ടറി ആൾ കേരള ഫെഡറേഷൻ ഒഫ് പെട്രോളിയം ട്രേഡേഴ്സ് പ്രീമിയം പെട്രോൾ*

# ഓണം കഴിഞ്ഞിട്ടും കീശ കീറി വിപണി



തിരുവനന്തപുരം: ഓണം കഴിഞ്ഞിട്ടും വിപണി സാധാരണക്കാരന്റെ കീശയ്ക്ക് വഴങ്ങുന്നില്ല. നിത്യോപയോഗ സാധനങ്ങൾക്കെല്ലാം ഇപ്പോഴും തൊട്ടാൽ പൊള്ളുന്ന വിലയാണ്.
സാധാരണ എത്ര ഉയർന്നാലും ഓണം കഴിയുമ്പോൾ ഇടിയുകയാണ് പതിവ്. എന്നാൽ ഇത്തവണ വില വീണ്ടും കുതിക്കുന്നു.

ഓണത്തിന് 150 രൂപയായിരുന്ന വെളിച്ചെണ്ണയുടെ വില ഇപ്പോൾ 165 ആയി. തേങ്ങ കിട്ടാനില്ലെന്നാണ് വെളിച്ചെണ്ണ വില വർദ്ധനയ്ക്ക് പറയുന്ന ന്യായം. അഞ്ച് മാസം മുൻപ് 30 രൂപയ്ക്ക് ലഭിച്ചിരുന്ന കൊച്ചുള്ളിക്ക് ഓണത്തിന് 78 രൂപയായി. ഇപ്പോൾ 80 ആയി.

സെവൻ സ്റ്റാർ ജയ അരിയുടെ വില ഓണക്കാലത്തെ 40ൽ തന്നെ നിൽക്കുകയാണ്. കൂടുതൽ കാലമിരുന്നാൽ അലിഞ്ഞുതീരുന്ന ശർക്കരയുടെ വില പോലും താഴുന്നില്ല.

വില്പന ഉയരുന്നത് കണക്കിലെടുത്ത് പരിപ്പിനങ്ങളുടെയെല്ലാം വില ഓണത്തിന് ഒരാഴ്ച മുൻപ് 10 രൂപ വരെയാണ് ഇടനിലക്കാർ വർദ്ധിപ്പിച്ചത്. ഈ കൊള്ള ഇപ്പോഴും തുടരുകയാണ്. സവാളയുടെ വില 32ൽ നിന്ന് 28 ആയി കുറഞ്ഞതു മാത്രമാണ് അല്പം ആശ്വാസം.

ഓണത്തിന് സജീവമായ കൺസ്യൂമർഫെഡിന്റെയും സപ്ലൈകോയുടെയും ഔട്ട്ലെറ്റുകളിൽ സ്റ്റോക്ക് ഒഴിഞ്ഞു.

സർക്കാർ വിപണി ഇടപെടൽ ശക്തമാക്കിയില്ലെങ്കിൽ വില ഇനിയും ഉയരുന്ന നിലയാണ്.

**ഇനം, ഇപ്പോഴത്തെ വില, ആഗസ്റ്റ് 25ലെ വില**

വെളിച്ചെണ്ണ- 165, 150
സവാള- 32- 28
കൊച്ചുള്ളി- 78, 80
മുളക്- 80, 80
മല്ലി- 75,75
പയർ- 78, 78
തോരൻ പരിപ്പ്- 72, 72
ഉഴുന്ന് പരിപ്പ്- 77, 77
സെവൻ സ്റ്റാർ ജയ അരി- 40, 40



## വിഴിഞ്ഞം കരാർ
# സംസ്ഥാനത്തിന്റെ വാണിജ്യ നേട്ടമെന്തെന്ന് ഹൈക്കോടതി

കൊച്ചി : വിഴിഞ്ഞം തുറമുഖ കരാറിലൂടെ സംസ്ഥാനത്തിന് എന്തു വാണിജ്യ നേട്ടമാണ് ഉണ്ടാവുകയെന്നും സംസ്ഥാനത്തിന്റെ താത്പര്യം ഈ കരാറിലൂടെ എങ്ങനെ സംരക്ഷിക്കപ്പെട്ടുമെന്നും ഹൈക്കോടതി സർക്കാരിനോട് ആരാഞ്ഞു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അദാനി ഗ്രൂപ്പുമായി ഒപ്പുവച്ച വിഴിഞ്ഞം കരാറിനെക്കുറിച്ച് സി. ബി.ഐ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കൊല്ലം സ്വദേശി എം. കെ. സലിം നൽകിയ ഹർജിയിലാണ് വിശദീകരണം നൽകാൻ ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശിച്ചത്. സെപ്തംബർ 25 ന് വീണ്ടും ഹർജി പരിഗണിക്കും. വിഴിഞ്ഞം തുറമുഖ കരാർ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്കു വിരുദ്ധമാണെന്ന സി. എ. ജി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഹർജിക്കാരൻ സി. ബി.ഐ അന്വേഷണം ആവശ്യപ്പെടുന്നത്. സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ സാമ്പത്തിക ഇളവ് അനുവദിക്കുന്നത് 30 വർഷത്തേക്കാണെന്നിരിക്കെ വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ അദാനി ഗ്രൂപ്പിന് 40 വർഷത്തേക്കാണ് ഇളവു നൽകുന്നതെന്നും സംസ്ഥാനത്തിന് ഇതു മൂലം 29,217 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നും സി.എ.ജി റിപ്പോർട്ടിലുണ്ടെന്ന് ഹർജിക്കാരൻ പറയുന്നു. സി.എ.ജി റിപ്പോർട്ട് നിയമസഭയിൽ വച്ചശേഷം ജുഡിഷ്യൽ അന്വേഷണ കമ്മിഷനെ നിയോഗിച്ചെങ്കിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ കമ്മിഷന് ഒരുക്കിയില്ലെന്നും ഹർജിയിൽ പറയുന്നു. ആരോപണങ്ങൾ ശരിയാണെങ്കിൽ വിഷയം അതീവ ഗൗരവമാണെന്നും കോടതി വാക്കാൽ അഭിപ്രായപ്പെട്ടു.

### രാമലീലയ്ക്ക് പൊലീസ് സംരക്ഷണം തേടി ഹർജി

കൊച്ചി : ദിലീപ് നായകനായ രാമലീല റിലീസ് ചെയ്യാൻ പൊലീസ് സംരക്ഷണം ആവശ്യപ്പെട്ട് നിർമ്മാതാവ് ടോമിച്ചൻ മുളകുപാടം ഹൈക്കോടതിയിൽ ഹർജി നൽകി.

ജൂലായ് 21 ന് ചിത്രം റിലീസ് ചെയ്യാനിരുന്നതാണെന്നും ജൂലായ് പത്തിന് ദിലീപ് അറസ്റ്റിലായതോടെ റിലീസിംഗ് മുടങ്ങിയെന്നും ഹർജിയിൽ പറയുന്നു. 15 കോടി രൂപ ചെലവിട്ടു നിർമ്മിച്ച സിനിമയുടെ പ്രചാരണത്തിന് ഒരു കോടി രൂപയോളം മുടക്കിക്കഴിഞ്ഞു. രാമലീല പ്രദർശിപ്പിച്ചാൽ ആക്രമണമുണ്ടാകുമെന്ന ആശങ്കയിലാണ് തിയേറ്റർ ഉടമകൾ.

കേസവസാനിക്കുന്നതു വരെ സിനിമ റിലീസ് ചെയ്യാതിരിക്കുന്നത് വൻനഷ്ടമുണ്ടാക്കും. ദിലീപിന്റെ അറസ്റ്റോടെ സിനിമാ മേഖല സ്തംഭനാവസ്ഥയിലാണ്. ദിലീപ് കൂടി സഹകരിക്കുന്ന ചിത്രങ്ങൾക്കു വേണ്ടി കോടികൾ മുടക്കിയ നിർമ്മാതാക്കളുടെ നില പരിതാപകരമാണെന്നും ഹർജിയിൽ പറയുന്നു.

### ട്രെയിനിൽ നിന്ന് കായലിൽ വീണ വിദ്യാർത്ഥിനിക്ക് അദ്ഭുത രക്ഷപ്പെടൽ

കൊല്ലം : ട്രെയിനിൽ നിന്ന് പരവൂർ കായലിൽ വീണ തിരുവനന്തപുരം സ്വദേശിയായ എൻജിനിയറിംഗ് വിദ്യാർത്ഥിനിയെ മത്സ്യത്തൊഴിലാളികൾ രക്ഷപ്പെടുത്തി.

പെൺകുട്ടി ഇന്നലെ രാവിലെ 8നാണ് പുനലൂർ- കന്യാകുമാരി പാസഞ്ചറിൽ നിന്ന് കായലിൽ വീണത്. ട്രെയിൻ കായലിന് കുറുകെയുള്ള മാമൂട്ടിൽ പാലത്തിൽ കയറിയപ്പോഴായിരുന്നു സംഭവം. പാലത്തിന് താഴെ രണ്ട് വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തിയിരുന്ന തൊഴിലാളികളാണ് പെൺകുട്ടി കായലിലേക്ക് വീണയുടൻ രക്ഷാപ്രവർത്തനം നടത്തിയത്. പെൺകുട്ടി വീണത് കരയിൽ നിന്ന് ഏറെ ദൂരെയല്ലാത്ത ഭാഗത്തായിരുന്നതിനാൽ ഉടൻ കരയ്ക്കെത്തിക്കാനായി. റെയിൽ അലർട്ടിൽ നിന്ന് വിവരം അറിയിച്ചതിനെ തുടർന്നെത്തിയ പരവൂർ പൊലീസിന്റെ വാഹനത്തിൽ പെൺകുട്ടിയെ നെടുങ്ങോലം താലൂക്കാശുപത്രിയിലെത്തിച്ച് പ്രഥമ ശുശ്രൂഷ നൽകിയ ശേഷം രക്ഷാകർത്താക്കൾക്കൊപ്പം അയച്ചു.



ശാരീരിക അസ്വസ്ഥതകളെ തുടർന്ന് ഹോസ്റ്റലിൽ നിന്ന് വീട്ടിലേക്ക് പോകാൻ കൊല്ലം കിളികൊല്ലൂർ സ്റ്റേഷനിൽ നിന്നാണ് പെൺകുട്ടി ട്രെയിനിൽ കയറിയത്.

തിരക്ക് കാരണം വാതിലിനോട് ചേർന്ന് നിന്ന് യാത്ര ചെയ്യുന്നതിനിടെ ട്രെയിന്റെ വാതിൽ ദേഹത്ത് തട്ടിയാണ് അപകടം ഉണ്ടായതെന്ന് പരവൂർ സി.ഐ എസ്. ഷെരീഫ് പറഞ്ഞു.



# വേങ്ങര: ലീഗിൽ സ്ഥാനാർത്ഥിപ്പട; സ്വതന്ത്രനെത്തേടി സി.പി.എം



▶ഷാബിൽ ബഷീർ

മലപ്പുറം: വേങ്ങരയിൽ ആരെ സ്ഥാനാർത്ഥിയാക്കും? ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറത്തിറങ്ങാനിരിക്കെ ആശയക്കുഴപ്പത്തിലാണ് ഇരുമുന്നണികളും. മത്സരിക്കാൻ കച്ചകെട്ടിയ പ്രമുഖരിൽ ആരെ തഴയുമെന്നതാണ് ലീഗിനെ കുഴക്കിലാക്കിയത്.

നിലമ്പൂരിലും താനൂരിലും നടന്നതുപോലെ സ്വതന്ത്ര സ്ഥാനാർത്ഥിയെ നിറുത്തിയുള്ള അട്ടിമറി വിജയത്തിന് അനുയോജ്യനായ വ്യക്തിയെ കിട്ടാത്തതാണ് സി.പി.എം നേരിടുന്ന വെല്ലുവിളി. സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.എ. മജീദ്, മലപ്പുറം ജില്ലാ സെക്രട്ടറി കെ.എൻ.എ ഖാദർ, സംസ്ഥാന സെക്രട്ടറി അഡ്വ. യു.എ. ലത്തീഫ്, പ്രവാസി ലീഗ് സംസ്ഥാന പ്രസിഡന്റും വ്യവസായിയുമായ സി.പി. ബാവ ഹാജി എന്നിവരാണ് ലീഗിന്റെ സ്ഥാനാർത്ഥി പരിഗണനയിലുള്ളത്. യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്, പി.കെ. കുഞ്ഞാലിക്കുട്ടിയുടെ സഹോദരപുത്രനും വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ പി.കെ. അസ്‌ലു, അബ്ദുറഹിമാൻ രണ്ടത്താണി എന്നിവരും സീറ്റിൽ നോട്ടമിട്ടിട്ടുണ്ട്.

സ്ഥാനാർത്ഥി നിർണയം ചർച്ചചെയ്യാൻ 18ന് കോഴിക്കോട് ലീഗ് നേതൃയോഗം ചേരും. 19ന് പാണക്കാട്ട് സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കും. മതസംഘടനകളോട് അടുപ്പം പുലർത്തുന്ന, യു.ഡി.എഫ് വോട്ടിൽ വിള്ളലുണ്ടാക്കാനാവുന്ന സ്ഥാനാർത്ഥിയെയാണ് സി.പി.എം തേടുന്നത്. വേങ്ങര നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ മൂന്നിലും യു.ഡി.എഫ് സഖ്യമില്ല. സ്വതന്ത്ര സ്ഥാനാർത്ഥി ശ്രമം പരാജയപ്പെട്ടാൽ 16ന് സ്വന്തം സ്ഥാനാർത്ഥിയെ സി.പി.എം പ്രഖ്യാപിച്ചേക്കും.

സംസ്ഥാന ജനറൽ സെക്രട്ടറിയെന്ന നിലയിലും രാജ്യസഭാ സീറ്റിലേക്ക് അവസാന നിമിഷം തള്ളപ്പെട്ടതിന് പരിഹാരമായും കെ.പി.എ. മജീദിനെ മത്സരിപ്പിക്കാനാണ് ലീഗിൽ നേരത്തെയുണ്ടായ ധാരണ. കെ.പി.എ. മജീദ് സ്വയം താത്പര്യപ്പെട്ടു വന്നാൽ മറ്റാരെയും പരിഗണിക്കേണ്ടെന്നും തീരുമാനിച്ചിരുന്നു. എന്നാൽ കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിക്കപ്പെട്ട കെ.എൻ.എ ഖാദറും പ്രവാസി ലീഗ് നേതാവ് ബാവഹാജിയും വേങ്ങരയ്ക്കായി ശക്തമായി രംഗത്തുവന്നതും കോൺഗ്രസിലും മറ്റു പാർട്ടികളിലും യുവാക്കൾ എം.എൽ.എമാരായിരിക്കെ 40 വയസിൽ താഴെയുള്ള ആരും ലീഗിലില്ലെന്ന വാദവുമായി യൂത്ത് ലീഗും എം.എസ്.എഫും രംഗത്തെത്തിയതും പ്രതിസന്ധിയുണ്ടാക്കി. യു.പി.എയുടെ തിരിച്ചുവരവ് മങ്ങിയാൽ ദേശീയരാഷ്ട്രീയത്തിൽ നിന്നു പി.കെ. കുഞ്ഞാലിക്കുട്ടി സംസ്ഥാന രാഷ്ട്രീയത്തിലേക്ക് മടങ്ങിയേക്കും. ഈ സാദ്ധ്യത കൂടി മുന്നിൽ കണ്ടുള്ള സ്ഥാനാർത്ഥിയെയാണ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് താത്പര്യം.



**നിയാസ് സ്വതന്ത്രൻ?..**

സിഡ്കോ ചെയർമാനും മുൻ കോൺഗ്രസ് നേതാവും നിയമസഭ തിരഞ്ഞെടുപ്പിൽ തിരൂരങ്ങാടിയിൽ പി.കെ. അബ്ദുറബ്ബിനെതിരെ മിന്നുന്ന പോരാട്ടം കാഴ്ചവച്ചയാളുമായ നിയാസ് പുളിക്കലകത്തിനെ സ്വതന്ത്രനായി രംഗത്തിറക്കാനാണ് സി.പി. എം ആലോചിക്കുന്നത്. എന്നാൽ നിയാസ് ഇതുവരെ തീരുമാനമറിയിച്ചിട്ടില്ല.

### യുവാവിനെ വീട്ടിൽ നിന്നു വിളിച്ചിറക്കി വെട്ടി കിണറ്റിൽ തള്ളി

മുക്കം: യുവാവിനെ വീട്ടിൽ നിന്ന് വിളിച്ചിറക്കി അങ്ങാടിയിലിട്ട് വെട്ടി കിണറ്റിൽ തള്ളി. പാറപ്പുറത്ത് രമേശിനെയാണ് (42) ഇന്നലെ രാവിലെ പരിക്കുകളോടെ മുക്കത്തിനടുത്ത് കരാളിപ്പറമ്പിലെ കിണറ്റിൽ കണ്ടത്.



*വെട്ടേറ്റ രമേശൻ*

പുലർച്ചെ ഒരു മണിക്കു ശേഷമാണ് സംഭവം നടന്നതെന്ന് കരുതുന്നു. ഫോണിൽ വിളിച്ച് അങ്ങാടിയിലെത്തിച്ച് ആക്രമിച്ചതാവുമെന്നാണ് അനുമാനം. അങ്ങാടിയിലെ ഒരു കടയുടെ വരാന്തയിൽ ചോരപ്പാടുകളും മുളകുപൊടി വിതറിയതും കണ്ടു. നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് മുക്കത്തുനിന്ന് പൊലീസും ഫയർ ഫോഴ്സുമെത്തി യുവാവിനെ പുറത്തെടുത്ത് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയ രമേശ് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ദ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി. അക്രമത്തിനുപയോഗിച്ചതെന്ന് കരുതുന്ന കത്തി പരിസരത്തു നിന്ന് പൊലീസ് കണ്ടെടുത്തു. സാമ്പത്തിക ഇടപാടുകളാവും സംഭവത്തിനു പിന്നിലെന്നാണ് കരുതുന്നത്. കൊടുവള്ളി പൊലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

# വധശ്രമത്തിന് പരാതി നൽകിയിട്ടും പൊലീസ് ഗൗനിച്ചില്ലെന്ന് ബന്ധുക്കൾ

പാലക്കാട്: സ്വാമിനാഥനെതിരെ നേരത്തേ വധശ്രമം നടന്നതായി പരാതി നൽകിയിട്ടും ലോക്കൽ പൊലീസ് കാര്യമായ അന്വേഷണം നടത്തിയില്ലെന്ന് ബന്ധുക്കൾ ആരോപിച്ചു. കഴിഞ്ഞ മാസം 31 ന് വീട്ടിലെ വൈദ്യുതി മീറ്ററിൽ നിന്ന് ഷോക്കേല്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചെന്നാണ് സ്വാമിനാഥൻ കോട്ടായി പൊലീസിൽ പരാതി നൽകിയിരുന്നത്.

ഇതിന് പിന്നിലും സദാനന്ദനാണെന്ന് സംശയമുണ്ട്. പ്രേമകുമാരിയുടെ സഹോദരീ പുത്രി കൂടിയായ ഷീജ അതുവരെ മാങ്കുറിശിയിലെ സ്വന്തം വീട്ടിലായിരുന്നു താമസം. സ്വാമിനാഥന് നേരെയുണ്ടായ വധശ്രമത്തിന് ശേഷം ഷീജ ഇവരോടൊപ്പം താമസിക്കാൻ തുടങ്ങി. ഷീജയുടെ എൻജിനിയറിംഗ് വിദ്യാർത്ഥിയായ മകൻ മാങ്കുറിശിയിൽ നിന്നാണ് പഠിക്കുന്നത്. അവധി ദിവസങ്ങളിൽ മാത്രമാണ് തോലന്നൂരിലെ വീട്ടിലെത്താറുള്ളത്. വീടിന് സമീപത്തെ ക്വാറിയിലേക്ക് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ നിലനിന്നിരുന്നു.



*കൊലപാതകം നടന്ന തോലന്നൂരിലെ വീട്ടിൽ ഡോഗ് സ്ക്വാഡ് പരിശോധന നടത്തുന്നു*

പാടശേഖര സമിതി സെക്രട്ടറിയായ സ്വാമിനാഥൻ പാലം നിർമ്മിക്കുന്നതിനെ എതിർത്തിരുന്നു. ഇതിന് കൊലപാതകവുമായി ബന്ധമുണ്ടോ എന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്. സ്ഥലത്ത് പരിശോധനയ്ക്കെത്തിയ ഡോഗ്സ്ക്വാഡിലെ റോക്കി വീട്ടിൽ നിന്ന് മൂന്ന് കിലോമീറ്ററോളം ഓടി പാടത്തിനരികിൽ നിന്നു. വിരലടയാള വിദഗ്ദ്ധരും ഫോറൻസിക് വിഭാഗവും വീട്ടിൽ പരിശോധന നടത്തി. ഇൻക്വസ്റ്റ് പൂർത്തിയാക്കിയ മൃതദേഹങ്ങൾ വൈകിട്ട് നാലോടെ തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

# അപകടത്തിൽപ്പെട്ട ഗൃഹനാഥൻ വാഹനത്തിൽ കുടുങ്ങി റോഡിലുരഞ്ഞ് മരിച്ചു

## മൃതദേഹം കണ്ടെത്തിയത് 18 കിലോമീറ്റർ അകലെ

അമ്പലപ്പുഴ: ദേശീയപാതയിൽ തോട്ടപ്പള്ളി ഒറ്റപ്പനയിൽ ഇന്നലെ പുലർച്ചെ വാഹനം ഇടിച്ചിട്ട ഗൃഹനാഥന്റെ മൃതദേഹം 18 കിലോമീറ്റർ മാറി കളർകോട് നിന്ന് കണ്ടെത്തി.

കലവൂർ ഹനുമാരുവെളി സ്വദേശി സുനിൽ കുമാറിന്റെ (49) മൃതദേഹമാണ് വാഹനത്തിൽ കുരുങ്ങി റോഡിൽ ഉരഞ്ഞ് പരിക്കുകളോടെ ചിൻമയ സ്കൂളിന് സമീപം കണ്ടെത്തിയത്. രണ്ടരയോടെ സുനിലിനെ വാഹനം ഇടിച്ചിട്ട കാര്യം നേരിൽക്കണ്ടയാൾ പൊലീസിനെ അറിയിച്ചിരുന്നു. തുടർന്ന് അന്വേഷണം നടത്തിയെങ്കിലും അപകടത്തിൽ പെട്ടയാളെയോ വാഹനമോ കണ്ടെത്താൻ കഴിഞ്ഞില്ല.

എന്നാൽ തിരിച്ചറിയൽ കാർഡും വസ്ത്രത്തിന്റെ കുറച്ച് ഭാഗങ്ങളും അമ്പലപ്പുഴ കരുർ അയ്യൻകോയിക്കൽ ക്ഷേത്രത്തിന് തെക്ക് ഭാഗത്ത് നിന്ന് കണ്ടെടുത്തു. 15 മിനിട്ടിന് ശേഷം മൃതദേഹം ആലപ്പുഴ കളർകോട് നിന്നാണ് കണ്ടെത്തിയത്. തലയുടെ ഒരുഭാഗവും ഇടത് കാലിന്റെ ഉപ്പൂറ്റിയും പുറവും റോഡിലുരഞ്ഞ് രക്തം വാർന്ന നിലയിലായിരുന്നു. തലയോട്ടിയുടെ ഒരു ഭാഗം തേഞ്ഞുണ്ടായ ക്ഷതമാണ് മരണ കാരണമെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ പ്രാഥമികനിഗമനം.

വാഹനത്തിൽ കുരുങ്ങിവരുന്നതിനിടയിൽ തിരിച്ചറിയൽ കാർഡ് വഴിയിൽ വീണതാവാമെന്ന് കരുതുന്നു. ഇടിച്ചിട്ട വാഹനത്തെക്കുറിച്ച് സൂചനയില്ല. കലവൂരിൽ പ്ലംബിംഗ് ജോലിക്കാരനായ സുനിൽകുമാർ ഒറ്റപ്പന ജംഗ്ഷനിൽ വന്നതെന്തിനാണെന്ന് വ്യക്തമല്ല. ആലപ്പുഴയിൽ നിന്ന് പൊലീസിന്റെ ശാസ്ത്രീയ പരിശോധനാവിഭാഗവും വിരലടയാള വിദഗ്ദ്ധരും അപകടസ്ഥലത്തും മൃതദേഹം കണ്ടെത്തിയ സ്ഥലത്തും പരിശോധന നടത്തി.

കൊല്ലത്തു നിന്ന് ഫോറൻസിക് ഓഫീസർ ഹരികുമാറിന്റെ നേതൃത്വത്തിലെത്തിയ സംഘവും തെളിവുകൾ ശേഖരിച്ചു.



*സുനിൽ കുമാർ*

പരിക്കേറ്റ് വഴിയിൽ കിടന്ന സുനിൽ കുമാറിനെ വാഹനത്തിൽ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ വഴിയിൽ വച്ച് മരണം സംഭവിച്ചതിനെ തുടർന്ന് റോഡിൽ ഉപേക്ഷിച്ചതാവാമെന്ന് ആദ്യം സംശയം ഉയർന്നിരുന്നു.

ഇടിച്ച വാഹനത്തിലുണ്ടായിരുന്നവർ തന്നെ ഉപേക്ഷിച്ചതാണെന്ന അഭ്യൂഹവും ഉണ്ടായി. മൃതദേഹത്തിൽ വസ്ത്രങ്ങൾ ഇല്ലാതിരുന്നതും സംശയമുണർത്തി. ഒറ്റപ്പന ഭാഗത്ത് രക്തം തളം കെട്ടിക്കിടന്നിരുന്നു.

എന്നാൽ സംഭവത്തിൽ ദുരൂഹത ഇല്ലെന്നും അപകടത്തിൽപ്പെട്ട ഉടനെ ഏതോ വാഹനത്തിനടിയിൽ ശരീരം ഉടക്കിയതാണെന്നും ജില്ലാപൊലീസ് മേധാവി എസ്. സുരേന്ദ്രൻ പറഞ്ഞു. മുറിവ് പറ്റിയ സ്ഥലങ്ങളിൽ ടാറിന്റെ അംശവും കണ്ടെത്തിയിട്ടുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

പുന്നപ്ര എസ്.ഐ ശ്രീജിത്തിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടത്തിയത്. അസ്വാഭാവിക മരണത്തിനാണ് കേസെടുത്തിരിക്കുന്നത്. സുനിൽ കുമാറിന്റെ മകനാണ് മൃതദേഹം തിരിച്ചറിഞ്ഞത്. നാല് ദിവസം മുമ്പ് വീട്ടുവിട്ടിറങ്ങിയതാണെന്ന് ബന്ധുക്കൾ പറഞ്ഞു. ഭാര്യ : സരസമ്മ മക്കൾ: സുദേവ്, സുകന്യ.